# Prime Minister addresses 17th ASEAN India Summit

November 12, 2020

## 17 മത് ആസിയാൻ ഇന്ത്യ ഉച്ചകോടി പ്രധാനമന്ത്രി അഭിസംബോധന ചെയ്തു

നവംബർ 12, 2020

വിയറ്റ്നാം പ്രധാനമന്ത്രിയും ആസിയാന്റെ നിലവിലെ അധ്യക്ഷനുമായ ശ്രീ.ന്യൂഗേൻ ഷാൻ ഫൂക്കിന്റെ ക്ഷണത്തിൽ പ്രധാനമന്ത്രി ശ്രീ നരേന്ദ്ര മോഡി ഇന്ന് 17 മത് ഇന്ത്യ ആസിയാൻ ഉച്ചകോടിയിൽ പങ്കെടുത്തു. വിർച്വൽ ഫോർമാറ്റിൽ നടന്ന ഉച്ചകോടിയിൽ ആസിയാനിലെ പത്ത് അംഗരാജ്യങ്ങളിലെയും നേതാക്കൾ പങ്കെടുത്തു.

ഉച്ചകോടിയിൽ സംസാരിക്കുമ്പോൾ, ഇന്ത്യയുടെ ആക്റ്റ് ഈസ്റ്റ് പോളിസിയിലെ ആസിയാൻ കേന്ദ്രീകൃത നയത്തെക്കുറിച്ച് പ്രധാനമന്ത്രി അടിവരയിട്ടു പറഞ്ഞു.കെട്ടുറപ്പുള്ളതും പ്രതികരണാത്മകവും സമൃദ്ധവുമായ ആസിയാൻ ഇന്ത്യയുടെ ഇന്തോ പസഫിക് ദർശനത്തിന്റെ പ്രധാന ഘടകമാണ് എന്നും ഇത് എല്ലാ മേഖലകളിലും വളർച്ചയും സുരക്ഷയുമെന്ന (SAGAR) കാഴ്ചപ്പാടിന് സംഭാവന നല്കുന്നുന്നതാണെന്നും അദ്ദേഹം പറഞ്ഞു. സ്വതന്ത്രവും സുതാര്യവും സമഗ്രവും നിയമാധിഷ്ഠിതവുമായ ഇന്തോ പസഫിക് പ്രവിശ്യ ഉറപ്പാക്കുന്നതിനായി ഇന്ത്യയുടെ ഓഷ്യൻസ് ഇനിഷ്യേറ്റീവ് ഇന്തോ പസഫിക്കിനായുള്ള ആസിയാൻ ദർശനം എന്നിവയിലെ ഐക്യം വർധിപ്പിക്കേണ്ടതിന്റെ ആവശ്യകതയും അദ്ദേഹം ചൂണ്ടികാണിച്ചു.ഇന്തോ പസഫിക് ഓഷ്യൻ ഇനിഷ്യേറ്റീവിന്റെ (IPOI)വിവിധ മേഖലകളുമായി സഹകരിക്കുന്നതിനും അദ്ദേഹം ആസിയാൻ രാജ്യങ്ങളെ ക്ഷണിച്ചു.

കോവിഡ് -19 ന്റെ പശ്ചാത്തലത്തിൽ ഇന്ത്യയുടെ പ്രതികരണവും അന്തർദേശീയ സമൂഹങ്ങൾക്ക് വിശാലമായ തോതിൽ നൽകിയ പിന്തുണയും അദ്ദേഹം എടുത്തു പറഞ്ഞു കൂടാതെ പകർച്ചവ്യാധിക്കെതിരെ പൊരുതുന്നതിനുള്ള ആസിയാന്റെ ശ്രമങ്ങളെ സ്വാഗതം ചെയ്യുകയും ചെയ്തു.കോവിഡ് -19 നെ തുടർന്നുള്ള ആസിയാൻ പ്രതികരണ ഫണ്ടിലേക്ക് 1 മില്യൺ യു എസ് ഡോളറിന്റെ സംഭാവനയും അദ്ദേഹം പ്രഖ്യാപിച്ചു.

ആസിയാൻ ഇന്ത്യ എന്നിവ തമ്മിലുള്ള ഭൗതികവും ഡിജിറ്റലുമായ കണക്ടിവിറ്റിയുടെ പ്രാധാന്യവും അദ്ദേഹം സൂചിപ്പിച്ചു കൂടാതെ ആസിയാൻ കണക്ടിവിറ്റിയെ പിന്തുണയ്ക്കുന്നതിനായി ഇന്ത്യയുടെ 1 ബില്യൺ യു എസ് ഡോളർ ലൈൻ ഓഫ് ക്രെഡിറ്റ് സംഭവനയ്ക്കായുള്ള വാഗ്ദാനവും അദ്ദേഹം ആവർത്തിച്ചു. വാണിജ്യ നിക്ഷേപങ്ങളിൽ ആവശ്യമായ വൈവിധ്യത്തെക്കുറിച്ചും കൂടാതെ കോവിഡിന് ശേഷമുള്ള വിതരണ ശൃംഖലയുടെ പുനഃസ്ഥാപനത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും അദ്ദേഹം പരാമർശിച്ചു

പ്രവിശ്യയിൽ സമാധാനവും സ്ഥിരതയും പ്രചരിപ്പിക്കുന്നതിനുള്ള ഇന്ത്യയുടെ സംഭാവനകളെ ആസിയാൻ നേതാക്കൾ അംഗീകരിച്ചു കൂടാതെ ഇന്ത്യയുടെ ആസിയാൻ കേന്ദ്രീകൃത പിന്തുണയെ സ്വാഗതം ചെയ്യുകയും ചെയ്തു. 2021 -25 കാലഘട്ടത്തിലേക്ക് പുതിയ ഇന്ത്യ -ആസിയാൻ പ്ലാൻ ഓഫ് ആക്ഷൻ സ്വീകരിക്കുന്നതിനായും സ്വാഗതം ചെയ്തു.

തെക്കൻ ചൈനീസ് കടൽ, തീവ്രവാദം എന്നിവ ഉൾപ്പടെ പൊതുവായി താല്പര്യവും ആശങ്കയുമുണർത്തുന്ന പ്രാദേശികവും അന്തർദേശീയവുമായ പ്രശ്നങ്ങൾ ചർച്ചകളിൽ ഉൾപ്പെടുത്തിയിരുന്നു.UNCLOS ഉൾപ്പെടെയുള്ള അന്തർദേശീയ നയങ്ങളെ മുറുകെപിടിച്ചുകൊണ്ട് നിയമാധിഷ്ഠിതമായ ഭരണം പ്രവിശ്യകളിൽ പ്രചരിപ്പിക്കേണ്ടതിന്റെ പ്രഹനം ഇട്ടു വിഭാഗങ്ങളും നിരീക്ഷിച്ചു. തെക്കൻ സഹനീസ് കടലിൽ നാവിക പ്രവർത്തനങ്ങൾക്ക് സ്വാതന്ത്ര്യം അനുവദിക്കുന്നതിന് സമാധാനം, സ്ഥിരത, സുരക്ഷാ, സംരക്ഷണം എന്നിവ പ്രചരിപ്പിക്കുകയും നിലയത്തുകയും ചെയ്യേണ്ടതിന്റെ പ്രാധാന്യവും നേതാക്കൾ ആവർത്തിച്ചുറപ്പിച്ചു.

**ന്യൂ ഡൽഹി**
**12 നവംബർ,2020**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.